# ഐശ്വര്യ അയൽക്കൂട്ടം-വിജയഗാഥ

"ശരിക്കും കഠിനമാണിത് പാലക്കാടൻ ചൂടിൽ നട്ടപ്പൊരി വെയിലും കൊണ്ട് ഒരു കുടുംബത്തിന് തണലും സുരക്ഷയും ഒരുക്കുക." വള്ളിക്കുട്ടിയും കൂട്ടരും ഒന്നിനു മുകളിലായി ഓരോ കല്ലെടുത്ത് വയ്ക്കുമ്പോഴും യാഥാർഥ്യമാകുന്നത് ഒരു കുടുംബത്തിന്റെ ഏറ്റവും വലിയ സ്വപ്നമാണ് അടച്ചുറപ്പും ഭംഗിയുമുള്ള വീട്. മങ്കര റെയിൽവെസ്റ്റേഷന്റെ പരിസരത്ത് ഭൂരിപക്ഷം വീടുകളും നിർമ്മാണതൊഴിലിന് വള്ളിക്കുട്ടിയും കൂട്ടരും കഴിഞ്ഞ മറ്റാർക്കും സ്ഥാനമുള്ളൂ.

പാലക്കാട് ജില്ലയിലെ മങ്കര സി.ഡി.എസിൽ 8-ാം വാർഡിൽ 29.01.2002 നാണ് ഐശ്യര്യ അയൽക്കൂട്ടം രൂപീകരിച്ചത്. ഐശ്യര്യ അയൽക്കൂട്ടത്തിലെ അംഗങ്ങൾ വള്ളിക്കുട്ടി, ലത, തങ്കരാമൻ, ജമീല, നൂർജഹാൻ, രാധ, തങ്ക, തങ്കമണി, വസന്തകുമാരി, സുബൈദ, ദേവകി, വേശു, എന്നിവരാണ്. വള്ളിക്കുട്ടിയെ പ്രസിഡണ്ടായും ലതയെ സെക്രട്ടറിയായും തീരുമാനിച്ചാണ് ഐശ്വര്യ അയൽക്കൂട്ടം പ്രവർത്തനമാരംഭിച്ചത്. കൂലിപണിക്കു പോയിരുന്ന ഈ സ്ത്രികൾ വലിയ ആവേശത്തിലാണ് കുടുംബശ്രീ പ്രവർത്തനങ്ങളിൽ പങ്കാളികളായത്. അയൽക്കൂട്ട യോഗങ്ങളിൽ കാര്യമായെന്തെങ്കിലും പ്രവർത്തികൾ ഏറ്റെടുക്കണമെന്ന താല്പര്യം പരസ്പരം പങ്കുവെച്ചു.

കുടുംബശ്രീയിൽ കൺസ്ട്രക്ഷൻ ഗ്രൂപ്പ് എന്ന ആശയം രൂപം കൊള്ളുന്നതിന് മുമ്പ് തന്നെ ഈ തൊഴിൽ മേഖലയിലേക്കിറങ്ങിയവരാണ് വള്ളിക്കുട്ടിയും ലതയും തങ്കയും. പ്രാഥമിക വിദ്യാഭ്യാസം മാത്രം നേടിയ വള്ളിക്കുട്ടി വളരെ ചെറുപ്പത്തിൽ തന്നെ അച്ഛനോടൊപ്പം കെട്ടിട നിർമ്മാണ പണിക്കു പോയി തുടങ്ങിയിരുന്നു. മുതിർന്നപ്പോഴേക്കും വള്ളിക്കുട്ടി നിർമ്മാണ മേഖലയിലെ പ്രധാന പണികളെല്ലാം പഠിച്ചു കഴിയുകയും പ്രാദേശികമായി പ്രധാന മേസ്തിരിയാവുകയും ചെയ്തിരുന്നു.

2013 ൽ അതേ വാർഡിലുള്ള സ്നേഹ അയൽക്കൂട്ടത്തിലെ അംഗങ്ങളെ ഉൾപ്പെടുത്തി വള്ളിക്കുട്ടിയുടെ നേതൃത്വത്തിൽ നിർമ്മാണ തൊഴിലുകൾ ഏറ്റെടുക്കുന്ന എം.ഇ യൂണിറ്റ് ധനലക്ഷ്മി എന്ന പേരിൽ രജിസ്റ്റർ ചെയ്തു. വളരെ അധികം കഷ്ടപ്പാട് അനുഭവിക്കുന്ന കുടുംബാംഗങ്ങളാണ് ഇവർ ഓരോത്തരും. ലിങ്കേജ് വായ്പയും സമ്പാദ്യത്തിൽ നിന്നുമുള്ള ആന്തരിക വായ്പ്പയും എടുത്താണ് ഈ കൺസ്ട്രക്ഷൻ യൂണിറ്റിനു ആവശ്യമായ ഉപകരണങ്ങൾ ഇവർ വാങ്ങിയത്. നാലാം ഘട്ടമായി കേരളാ ഗ്രാമീൺ ബാങ്കിൽ നിന്നും 3 ലക്ഷം രൂപ ലിങ്കേജ് വായ്പ ഈ അയൽക്കൂട്ടത്തിന് ലഭിച്ചു . കേരളാ ഗ്രാമീൺ ബാങ്കിൽ ഇവരുടെ നിക്ഷേപം ഇപ്പോൾ 111200 രൂപയാണ്. 12 പേരുള്ള അയൽക്കൂട്ടത്തിൽ ഒരാൾക്ക് 25000/ രൂപയാണ് ലഭിച്ചത്. ആന്തരിക വായ്പയും ലിങ്കേജ് ലോണുമാണ് ഈ അയൽക്കൂട്ടത്തിന് പ്രധാന സഹായമായി നിലനിൽക്കുന്നത്.ഈ തുകയാണ് ഇവരുടെ വിജയഗാഥകൾക്ക് തുടക്കമായത് . അയൽക്കൂട്ടത്തിലെ മറ്റംഗങ്ങൾ സംഘകൃഷിയിലുടെ അവരുടെ ഉപജീവനമാർഗ്ഗം കണ്ടെത്തുന്നു. അവരുടെ കഷ്ടപ്പാടുകൾക്കിടയിലും കൃഷി ചെയ്ത് ലഭിക്കുന്ന സമ്പാദ്യം വളരെ ആശ്വാസകരമാണ്.

വള്ളിക്കുട്ടി, ലത എന്നിവർ അവരുടെ കഠിന പ്രയത്നവും ജോലിയോടുള്ള ഇഷ്ടവുംകൊണ്ട് വളരെ നല്ല രീതിയിൽ മുന്നോട്ട് പോവുന്നു. . ഭർത്താവ് ജോലി ചെയ്യാനാവാത്ത ശാരീരിക അവസ്ഥയിലായതു കൊണ്ട് തന്റെ മക്കളുടെ വിദ്യാഭ്യാസത്തിന് അയൽക്കൂട്ട സമ്പാദ്യംവും ലിങ്കേജ് ലോണുമാണ് അവർക്ക്

സഹായമായത്. രണ്ടു മക്കളിൽ ഒരാൾ ഡിഗ്രി കഴിഞ്ഞു. മറ്റൊരാൾ ഓട്ടോമൊബൈൽ കോഴ്സ് ചെയ്തുകൊണ്ടിരിക്കുന്നു. പുരുഷന്മാരെ വെല്ലുന്ന മനകരുത്തോടെ വള്ളിക്കുട്ടി എന്ന അൻപത് വയസ്സുകാരിയും കൂട്ടരും തങ്ങളുടെ ജോലികൾ കൃത്യമായി ചെയ്യുന്നു. കൂടെ എപ്പോഴും സഹായത്തിന് ലതയും തങ്കയും ഉണ്ടാവും.





എല്ലാത്തരം ജോലികളും വളരെ ഭംഗിയായി ചെയ്യാൻ ഇവർക്കു സാധിക്കും. വീട് പണിയും പെയിന്റിങ് വർക്കും മതിൽക്കെട്ടലും പുരുഷന്മാരെക്കാൾ കൃത്യതയോടെ ചെയ്യുന്നു. വീടിനു പരിസരത്തും പഞ്ചായത്തിലുമായി ധാരാളം പണികൾ ഇപ്പോൾ കിട്ടുന്നുണ്ട്. നിലവിൽ ഇവർ വള്ളിക്കുട്ടിയുടെ വീടുപണി ചെയ്യുന്ന തിരക്കിലാണ്. തങ്ങളുടെ പ്രയത്നംകൊണ്ടാണ് വീട് പണിയുന്നത്.

കൂലിപ്പണിക്കാരനായ ഭർത്താവും മകനും മകളും അടങ്ങിയതാണ് ലതയുടെ കുടുംബം. കുടുംബശ്രീ വഴി ലഭിക്കുന്ന വരുമാനം കൊണ്ട് നല്ല നിലയിൽ തന്റെ മക്കളെ പഠിപ്പിക്കാൻ ലതയ്ക്ക് കഴിഞ്ഞു. ബിരുദാനന്തര ബിരുദവും ബി.എഡും യോഗ്യതകൾ നേടിയ മകളും ഡിഗ്രിവരെ പഠിച്ച മകനും ഇപ്പോൾ പി.എസ്.സി കോച്ചിംഗിനു പോകുന്നു. സാമ്പത്തികമായ പരാധീനതകളെ അതിജീവിച്ച് തന്റെ 3 മക്കളേയും നല്ല വിദ്യാഭ്യാസം നൽകി വളർത്താൻ രാധയ്ക്ക് കരുത്ത് നല്കിയത് കുടുംബശ്രീയാണെന്ന് രാധ അഭിമാനത്തോടെ പറഞ്ഞു. അയൽക്കൂട്ടാംഗമായ ദേവകി തന്റെ കുടുംബത്തിന് സ്വന്തമായുള്ള 1 ഏക്കർ സ്ഥലത്തും പാട്ടത്തിനെടുത്ത സ്ഥലത്തും കൃഷി ചെയ്തു വരുന്നു. കുടുംബശ്രീയിൽ പ്രവർത്തിച്ചതിന്റെ ആത്മ വിശ്വാസമാണ് ദേവകിയെ കാർഷികമേഖലയിൽ ഇപെടാനുള്ള ധൈര്യം നൽകിയത്. കുടുംബശ്രീ അയൽക്കൂട്ടം രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചതിനുശേഷം പുറത്തിറങ്ങി നാട്ടിലൊക്കെ ഇടപെടുന്ന വസന്ത തന്റെ രണ്ട് പെൺമക്കളേയും ഡിഗ്രിവരെ പഠിപ്പിക്കുകയും വിവാഹം കഴിപ്പിച്ചയക്കുകയും ചെയ്തു. നാല് സെന്റ് സ്ഥലത്ത് വീട് വെയ്ക്കുന്നതിന് മേൽനോട്ടം വഹിച്ചതും വസന്തയാണ്. അയൽക്കൂട്ടം വഴി ലഭിക്കുന്ന വരുമാനമുപയോഗിച്ച് സുബൈദയും കൃഷി ചെയ്തു വരുന്നു. വീട്ടാവശ്യത്തിനുള്ളതും സമീപ വീടുകളിലേക്കാവശ്യമായ പച്ചക്കറിയും ഉത്പാദിപ്പിക്കാൻ ഇവർക്ക് കഴിയുന്നു. ആൺകുട്ടിയേയും പെൺകുട്ടിയേയും ഡിഗ്രിവരെ പഠിപ്പിച്ചു. മകളുടെ കല്യാണം കഴിഞ്ഞു. കെട്ടിട നിർമ്മാണ മേഖലയിൽ തൊഴിലെടുക്കുന്ന തങ്ക, പെയിന്റിംഗ് ജോലിയിൽ പ്രാഗത്ഭ്യം നേടിയെടുത്തു. മങ്കരഭാഗത്തുള്ള ഭൂരിപക്ഷം വീടുകളുടേയും പെയിന്റംഗ് ജോലിയ്ക്ക് തങ്കയുൾപ്പെട്ട സംഘത്തെയാണ് ഏൽപ്പിച്ചു വരുന്നത്. മൂന്ന് മക്കളടങ്ങിയ കുടുംബത്തിന്റെ പ്രധാന

വരുമാനം തങ്കയുടേതാണ്. കുടുംബശ്രീയിൽ വന്നതിന് ശേഷമാണ് തങ്കരാമൻ പാട്ടത്തിന് കൃഷിയാരംഭിച്ചത്. അയൽക്കൂട്ടം വഴി ലഭിക്കുന്ന സമ്പാദ്യം, ലിങ്കേജ് വായ്പ എന്നിവ തങ്കയെ കൃഷിയിൽ തുടരുന്നതിന് സഹായിക്കുന്നു. അയൽക്കൂട്ടത്തിൽ വന്നിരുന്ന് അഭിപ്രായം പറയാനുള്ള ശേഷി വളർന്നപ്പോഴാണ് തങ്കമണി കൂലിപണിക്ക് പുറത്തിറങ്ങിയത്. സമൂഹത്തിൽ എല്ലാ തലത്തിലുമുള്ള ആളുകളോടും ഇടപെടുന്നതിന് കുടുംബശ്രീയും കൃഷിപണിക്ക് പോകുന്നതും വലിയ തോതിൽ സഹായിച്ചു. ആറുമക്കളുള്ള ജമീഷ തന്റെ മകനെ ഗൾഫിലേക്ക് അയക്കാൻ കഴിഞ്ഞതിന്റെ ചാരിതാർത്ഥ്യത്തിലാണ്. മറ്റു മക്കളുടെ കല്യാണം കഴിഞ്ഞു. മൂന്ന് പെൺമക്കളുള്ള വേശുവിന് ആകെയുള്ളത് ആറ് സെന്റ് സ്ഥലവും വീടുമാണ്. കുടുംബശ്രീയുടെ സഹായത്തോടെ സ്ഥലം പാട്ടത്തിനെടുത്ത് കൃഷി ചെയ്തു വരുന്നു. അയൽക്കൂട്ടം അംഗമായ നൂർജ്ജഹാനും പാട്ടകൃഷിയിൽ വിജയം കണ്ടെത്തിയവരാണ്.